# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 4851 18.12.2014- ൽ മറുപടിക്ക്

**മേത്തുരുമ്പ - ചപ്പാരപ്പടവ് - കുറ്റൂർ, വെള്ളോറ-കക്കറ-കടുക്കാരം മുക്ക് റോഡുകളുടെ നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) എരമം കുറ്റൂർ പഞ്ചായത്തിൽപ്പെടുന്ന മേജർ ജില്ലാ റോഡുകളായ മേത്തുരുമ്പ - ചപ്പാരപ്പടവ് - കുറ്റൂർ, വെള്ളോറ-കക്കറ - കടുക്കാരം മുക്ക് എന്നീ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;<br>(ബി) പൊട്ടിപ്പൊളിഞ്ഞ പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br>(സി) പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും<br>മേത്തുരുമ്പ - ചപ്പാരപ്പടവ് - കുറ്റൂർ റോഡ് കി.മി. 10/285 മുതൽ 23/285 വരെയും വെള്ളോറ - കക്കറ - കടുക്കാരം മുക്ക് റോഡ് കി.മി. 0/000 മുതൽ 11/400 വരെയും ബി.എം & ബി.സി ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. പ്രസ്തുത റോഡുകളിൽ അടിയന്തിര അറ്റകുറ്റപ്പണികൾക്കായി 26 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ